# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.293 | | 07.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ശുചിത്വമിഷൻ നടത്തിയ സർവ്വേ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ശുചിത്വമിഷൻ നടത്തിയ സർവ്വേ അനുസരിച്ച് സംസ്ഥാനത്ത് കക്കൂസ് ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട്; നഗരവും ഗ്രാമവും തിരിച്ചുള്ള കണക്ക് നൽകാമോ; | (എ) | ശുചിത്വ മിഷൻ നടത്തിയ സർവ്വേ അനുസരിച്ച് സംസ്ഥാനത്ത് ഗ്രാമ പ്രദേശങ്ങളിൽ കക്കൂസില്ലാത്ത 175399 കുടുംബങ്ങളും, നഗരപ്രദേശങ്ങളിൽ കക്കൂസില്ലാത്ത 34578 കുടുംബങ്ങളുമുണ്ട്. |
| (ബി) | നവംബർ ഒന്നിന് കേരളത്തെ ഓപ്പൺ ഡിഫിക്കേഷൻ ഫ്രീ സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ ലക്ഷ്യപ്രാപ്തി കൈവരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | നവംബർ ഒന്ന് സംസ്ഥാനത്തെ ഗ്രാമ പ്രദേശങ്ങൾ ഓപ്പൺ ഡെഫീക്കേഷൻ ഫ്രീയായി പ്രഖ്യാപിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ലക്ഷ്യ പ്രാപ്തി കൈവരിക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ കൊടുക്കുന്നു.<br>• വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ വിഹിതമടക്കം (സ്വച്ഛ് ഭാരത് മിഷൻ) ആകെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. ഗ്രാമ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് പണിയുന്നതിനുള്ള കേന്ദ്ര സഹായം ലഭ്യമാകുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ധനം ഗ്രാമ പഞ്ചായത്തുകൾ തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ വകയിരുത്തി വ്യക്തിഗത ഗാർഹിക ശൗചാലയം പണിയുന്നതിനുള്ള സർക്കാർ ഉത്തരവുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളും പ്രോജക്ട് വച്ച് പദ്ധതി ഏറ്റെടുത്തു.<br>• ദുർഘട ഗ്രാമ പ്രദേശങ്ങളിൽ പണിയേണ്ടുന്ന 39120 ടോയ്‌ലറ്റുകൾക്ക് അധികം ആവശ്യമായി വരുന്ന 99 കോടി രൂപ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സഹായമായി അനുവദിച്ചു കൊണ്ടും അതിൻ പ്രകാരം പ്രോജക്ട് തയ്യാറാക്കുവാൻ അനുമതി നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്.<br>• ജലനിധി പ്രോജക്ട് പ്രദേശമായ 115 ഗ്രാമപഞ്ചായത്തുകളിൽ ജലനിധി മുഖേന ഗാർഹിക ശൗചാലയ നിർമ്മാണ പ്രോജക്ട് ഏറ്റെടുത്തു. |

| | | | |
|---|---|---|---|
| | | | • ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക ശൗചാലയങ്ങളും സാനിട്ടറി കോംപ്ലക്സും പണിയുന്നതിനുള്ള സർക്കാർ അനുമതി നൽകി.<br>• സർക്കാർ- സ്വകാര്യ സ്ഥാപനങ്ങളുടെ സി. എസ്.ആർ.എഫിൽ നിന്ന് ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അധിക തുക കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി.<br>• കുടുംബശ്രീ, കൊമേഴ്സ്യൽ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിന് പ്രാദേശികമായി സൗകര്യങ്ങൾ ഉറപ്പാക്കി.<br>• കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സേവനവും റിസോഴ്സ് പേഴ്സൺമാരുടെ സേവനവും, കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.<br>• World Bank, UNICEF എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടു കൂടി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം നൽകി. പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ചെലവ് പരിമിതപ്പെടുത്തിയ നിർമ്മാണ സങ്കേതിക രീതികളിൽ COSTFORDന്റെ നേതൃത്വത്തിൽ മേസൺ പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ജല ദൗർലഭ്യ പ്രദേശങ്ങളിൽ എക്കോസാൻ ടോയ്‌ലറ്റുകൾ ഗുണഭോക്താക്കളെ പരിചയപ്പെടുത്തി വരുന്നു.<br>• മാധ്യമങ്ങളിൽ പരമാവധി പ്രചാരണം കിട്ടുന്നതിനും, കക്കൂസ് നിർമ്മിക്കുന്നതിന് ജനങ്ങളെ പ്രചോദിപ്പിക്കുന്നതിനും ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.<br>• MSW വിദ്യാർത്ഥികൾ, എഞ്ചിനീയറിംഗ് കോളജുകളിലെ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സ് എന്നിവരുടെ സേവനം ബോധവൽക്കരണം, കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തി വരുന്നു.<br>• തീരപ്രദേശത്തും മലയോര പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ യോഗം വിളിച്ചു ചേർത്ത് ആ പ്രദേശങ്ങളിലെ കക്കൂസ് നിർമ്മാണത്തിന് അവരുടെ സഹകരണം ഉറപ്പാക്കി.<br>• മുഖ്യമന്ത്രി, വകുപ്പുമന്ത്രി തലങ്ങളിൽ സംസ്ഥാനത്തെ പുരോഗതി നിരന്തരം അവലോകനം നടത്തി വരുന്നു. ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ മേൽ നോട്ടം |

| | | | |
|---|---|---|---|
| | | | വഹിക്കുന്നതിന് 14 മന്ത്രിമാരെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാർ ജില്ലാതല റിവ്യൂ നടത്തിവരുന്നു. മന്ത്രിമാരെ സഹായിക്കുന്നതിന് അതാത് വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി /സെക്രട്ടറിമാരെ ചുമതലപ്പെടുത്തി.<br>• ചീഫ് സെക്രട്ടറിയും, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാകളക്ടർമാരുമായുള്ള പ്രതിവാര വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ച് പുരോഗതി അവലോകനം ചെയ്തു വരുന്നു.<br>• ശുചിത്വ മിഷൻതലത്തിലും സർക്കാർ തലത്തിലും ദൈനംദിനമുള്ള പുരോഗതി വിലയിരുത്തലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഗ്രാമപ്രദേശങ്ങളിലെ ടോയിലറ്റ് നിർമ്മാണത്തിന് ശുചിത്വമിഷൻ അധികഫണ്ട് അനുവദിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാരിൽനിന്നും ഈ പദ്ധതിക്ക് എന്തു സഹായം ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | ശുചിത്വ മിഷൻ അധിക ഫണ്ടനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാർ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ 2016-17 ലെ ഒന്നാം ഗഡുവായി 22.09.2016 ന് Rs.57,01,15,000/- രൂപ (അമ്പത്തിയേഴ് കോടി, ഒരു ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ